## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3767 25.06.2013 ലെ മറുപടിയ്ക്ക്

### കാരുണ്യ പദ്ധതിയുടെ ധനസഹായം എല്ലാ അക്രഡിറ്റഡ് ആശുപത്രികളിലും ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) അടിയന്തിര ഘട്ടങ്ങളിൽ ശസ്ത്രക്രിയ ആവശ്യമായ ഹൃദ് രോഗികൾക്കും മറ്റും കാരുണ്യ ലോട്ടറിയുടെ ധനസഹായം സംസ്ഥാനത്തെ എല്ലാ അക്രഡിറ്റഡ് ആശുപത്രികളിൽ നിന്ന് ലഭ്യമല്ലാത്തതു മൂലം സാധാരണക്കാർക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നിലവിൽ അക്രെഡിറ്റഡ് ആശുപത്രികളിൽ നടക്കുന്ന അടിയന്തിര ചികിത്സയ്ക്ക് ധനസഹായം നല്കുന്നതിന് അനുമതി നല്കിയിട്ടില്ല. അടിയന്തിര സാഹചര്യങ്ങളിൽ സർക്കാർ ആശുപത്രികളിലെയും, കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവയിലേയും ചികിത്സയ്ക്കു മാത്രമേ ധനസഹായം ലഭിക്കുകയുള്ളു. |
| (ബി) ഇതുമൂലം സർക്കാർ മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിലെയും ഉൾപ്രദേശങ്ങളി ലെയും ജനങ്ങൾക്ക് അടിയന്തിര ചികിത്സാ ധനസഹായം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) നിലവിൽ അക്രെഡിറ്റഡ് ആശുപത്രികളിൽ അടിയന്തിര ചികിത്സാ സൗകര്യം ഈ പദ്ധതി പ്രകാരം ലഭ്യമല്ല. ജില്ലാതല സമിതിയുടെ അംഗീകാരത്തിൻ പ്രകാരമാണ് ഈ ചികിത്സ ലഭ്യമാകുന്നത്. ഈ പദ്ധതിയിലൂടെ അക്രെഡിറ്റഡ് ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് എത്രയും പെട്ടെന്ന് ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ടി ആവശ്യമായ അനുമതി പത്രം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ കാരുണ്യ പദ്ധതിയുടെ എല്ലാ ധനസഹായങ്ങളും എല്ലാ അക്രഡിറ്റഡ് ആശുപത്രികളിലും ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? വിശദമാക്കുമോ ? | (സി) | നിലവിൽ സർക്കാർ ആശുപത്രികളിൽ നല്കുന്ന എല്ലാ ധനസഹായങ്ങളും അക്രെഡിറ്റഡ് ആശുപത്രികളിൽ നല്കുവാൻ ഇപ്പോൾ വ്യവസ്ഥയില്ല. അക്രെഡിറ്റഡ് ആശുപത്രിയിലെ ചികിത്സാ ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷ കളിന്മേൽ കാലതാമസം കൂടാതെ എത്രയും വേഗം ആതറൈസേഷൻ നല്കുവാൻ ജില്ലാ ഭാഗ്യക്കുറി ആഫീസർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.